ഭരണഭാഷ – മാതൃഭാഷ

**നിയമസഭാചോദ്യം**

**അടിയന്തിരം**

നമ്പർ ജി 2/46916(A)/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം – 33
തീയതി : 23.11.2018
ഫോൺ : 0471 2303107

## സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - 14-ാം കേരള നിയമസഭ – 13-ാം സമ്മേളനം – സമയബന്ധിതമായി മറുപടി ലഭ്യമാക്കേണ്ടത് – സംബന്ധിച്ച്.

സൂചന:- ഉന്നത വിദ്യാഭ്യാസ (പി) വകുപ്പിന്റെ 15/11/2018 തീയതിയിലെ പി1/385/2018/ഉ.വി.വ. നമ്പർ കത്ത്.

14-ാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനം 2018 നവമ്പർ 27 മുതൽ ഡിസംബർ 13 വരെ കൂടുവാൻ തീരുമാനിച്ച വിവരം അറിയിക്കുന്നു.

ഈ വകുപ്പുമായി ബന്ധപ്പെട്ട് നിയമസഭയിൽ ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾക്കുള്ള മറുപടി അടിയന്തിരമായും സമയബന്ധിതമായും നൽകേണ്ടതിനാൽ ബന്ധപ്പെട്ട കോളേജുകളും ഡെപ്യൂട്ടി ഡയറക്ടറേറ്റ് ഓഫീസുകളും ലഭ്യമാകുന്ന നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി അന്നേ ദിവസം തന്നെ അയച്ചുതരത്തക്ക വിധം നടപടി സ്വീകരിക്കേണ്ടതും, ആയതിന് ക്ലറിക്കൽ/എക്സിക്യൂട്ടീവ് കേഡറിലുള്ള ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ആണ്.

ഇ-മെയിൽ വിലാസത്തിലോ, വകുപ്പിന്റെ വെബ്സൈറ്റിലോ ലഭ്യമാകുന്ന ചോദ്യങ്ങൾക്ക് തുടർമറുപടി സ്വീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും ഡെപ്യൂട്ടി ഡയറക്ടർ /പ്രിൻസിപ്പാൾ വ്യക്തിഗത ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി കേരള നിയമസഭയിൽ നൽകേണ്ട വകുപ്പുമായി ബന്ധപ്പെട്ട മറുപടികൾ കൃത്യവും സമയ ബന്ധിതമായും നൽകേണ്ടത് ഓരോ ജീവനക്കാരന്റെയും ഉത്തരവാദിത്വമാണെന്ന് ഓർമ്മിപ്പിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ/പ്രിൻസിപ്പാൾ, ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ,ഓഫീസ് സൂപ്രണ്ട്/ ഹെഡ് അക്കൗണ്ടന്റ് എന്നിവരുടെ പേര്, മൊബൈൽ നമ്പർ, ഓഫീസ് ലാൻഡ് നമ്പർ, ഓഫീസ് ഇ. മെയിൽ വിലാസം എന്നിവ ഈ ഓഫീസിനെ generaldce@gmail.com. എന്ന വിലാസത്തിൽ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഡോ. ഡി.കെ. സതീഷ്
അഡീഷണൽ ഡയറക്ടർ(ഇൻ-ചാർജ്ജ്)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

ജയ/23/11/13

GOVERNMENT OF KERALA 2017-18